"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് വിഭാഗം- 2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം || വാല്യം IIൽ (ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾ) കോഴിക്കോട് ജില്ലയിലെ ബേപ്പൂർ സർക്കാർ ആയുർവേദ ആശുപത്രി പ്രവൃത്തി പൂർത്തീകരണം എന്ന പ്രവൃത്തിയ്ക്ക് -ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.382/2024/AYUSH തീയതി,തിരുവനന്തപുരം, 05-10-2024

പരാമർശം:-

1. 23.11.2020 തീയതിയിലെ നം. 73/2020/ധന നമ്പർ സർക്കുലർ
2. 2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ൽ (ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾ) സീരിയൽ നമ്പർ 1036
3. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 06/08/2024ലെ ബി2/867/2024 നമ്പർ കത്ത്.

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ൽ (ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾ) പേജ് നമ്പർ 49ൽ സീരിയൽ നമ്പർ 1036 ആയി അടങ്കൽ തുകയായ 100 ലക്ഷം രൂപയിൽ ടോക്കൺ പ്രൊവിഷനായി 20 ലക്ഷം വകയിരുത്തി "ബേപ്പൂർ ആയുർവേദ ആശുപത്രി പ്രവൃത്തി പൂർത്തീകരണം" എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് സഹിതം പ്രസ്തുത എസ്റ്റിമേറ്റും, പ്ലാനും അംഗീകരിച്ച് ഭരണാനുമതിയും ഫണ്ടും അനുവദിക്കണമെന്നാവശ്യപ്പെട്ട് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിലേക്ക് കത്ത് നൽകി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) സർക്കുലറിന്റെ വെളിച്ചത്തിലും നടപ്പു സാമ്പത്തിക വർഷം '4210-02-103-94-01-00-00-P-V' ശീർഷകത്തിൽ നിലവിൽ മതിയായ ബഡ്ജറ്റ് വിഹിതം ശേഷിക്കുന്നതിനാലും 2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ൽ (ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾ) ഉൾപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ ബേപ്പൂർ സർക്കാർ ആയുർവേദ ആശുപത്രി പ്രവൃത്തി പൂർത്തീകരണം എന്ന പ്രവൃത്തിയ്ക്ക് അടങ്കൽ തുകയായ 100 ലക്ഷം രൂപയിൽ ടോക്കൺ പ്രൊവിഷനായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ഭാരതീയ ചികിത്സാ

വകുപ്പ് ഡയറക്ടർ സമർപ്പിച്ച മേൽ പ്രവർത്തിയുടെ എസ്റ്റിമേറ്റും പ്ലാനും അംഗീകരിച്ച് **4210-02-103-94** (പി) ശീർഷകത്തിൽ **100** ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, ഭാരതീയ ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (ഹെൽത്ത്-എ) വകുപ്പ് (No.2898127/HLT-A3/144/2024-FIN പ്രകാരം )
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം.
ആയുഷ് (എ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Namitha T
Date: 07-10-2024 10:20:36
സെക്ഷൻ ഓഫീസർ